പാഠം - 2

# പ്രാർത്ഥിക്കുവാൻ ഞങ്ങളെ പഠിപ്പിക്കേണമേ

**ശബ്ബത്ത് സായാഹ്നം**

**പഠനത്തിനുള്ള വേദഭാഗങ്ങൾ:**

**സങ്കീർത്തനം 105:5; കൊലൊസ്യർ 3:16; യാക്കോബ് 5:13; സങ്കീർത്തനം 44; 22; 13; 60:1–5.**

**മനഃപാഠവാക്യം:**

**"അവൻ ഒരു സ്ഥലത്തു പ്രാർത്ഥിച്ചുകൊണ്ടിരുന്നു; തീർന്നശേഷം ശിഷ്യന്മാരിൽ ഒരുത്തൻ അവനോട്: കർത്താവേ, യോഹന്നാൻ തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചതുപോലെ ഞങ്ങളെയും പ്രാർത്ഥിപ്പാൻ പഠിപ്പിക്കേണമേ എന്നു പറഞ്ഞു" (ലൂക്കൊസ് 11:1).**

പഠിക്കാതെയും ബാഹ്യപ്രേരണകൂടാതെയും സ്വാഭാവികമായുള്ള പ്രാർത്ഥന ആണ് യഥാർത്ഥമെന്നു ചില ക്രിസ്ത്യാനികൾ കരുതുന്നുണ്ട്. എന്നാൽ പ്രാർത്ഥിക്കാൻ പഠിപ്പിക്കേണമേ എന്നു ശിഷ്യന്മാർ യേശുവിനോട് ആവശ്യപ്പെട്ടപ്പോൾ അവർക്കു വലിയ നേട്ടം ഉണ്ടായി. ദൈവം ഒരു പ്രാർത്ഥനാ പുസ്തകത്തെ, സങ്കീർത്തനത്തെ, ബൈബിളിന്റെ ഹൃദയഭാഗത്തു തന്നെ ചേർത്തുവെച്ചു. പുരാതന കാലത്തു ദൈവജനം എങ്ങനെ പ്രാർത്ഥിച്ചു എന്നു നമുക്കു കാണിച്ചുതരുവാൻ മാത്രമല്ല, ഇക്കാലത്ത് നാം എങ്ങനെ പ്രാർത്ഥിക്കണമെന്നു നമ്മെ പഠിപ്പിക്കുന്നതിനും കൂടിയാണത്.

യേശുവിന്റേതടക്കം ആദിമകാലം മുതൽക്കേ സങ്കീർത്തനങ്ങൾ ദൈവജനത്തിന്റെ പ്രാർത്ഥനാരീതിയെ രൂപപ്പെടുത്തിയിട്ടുണ്ട് (1 ദിന. 16:7,9; നെഹെ. 12:8; മത്താ. 27:46; എഫെ. 5:19). ദൈവജനത്തിന്റെ ജീവിതയാത്രയിലും ദൈവവുമായുള്ള ബന്ധത്തിൽ അവരുടെ വളർച്ചയിലും സങ്കീർത്തനങ്ങൾ എങ്ങനെ സഹായിച്ചെന്ന് ഈ ആഴ്ചയിൽ നാം മനസ്സിലാക്കും. സങ്കീർത്തനങ്ങൾ പ്രാർത്ഥനകളും അതിനാൽ തന്നെ വിലമതിക്കാൻ ആകാത്തവയും ആണ്. അത് അവയുടെ ദൈവശാസ്ത്ര ഉൾക്കാഴ്ചയുടെ കാര്യത്തിൽ മാത്രമല്ല, നമ്മുടെ വ്യക്തിപരവും സമൂഹമായുമുള്ള പ്രാർത്ഥനകളെ പരിപോഷിപ്പിക്കുന്നതിലും മാറ്റിമറിക്കുന്നതിലും അവ വിലപ്പെട്ടവയാണ്. സങ്കീർത്തനങ്ങൾ പ്രാർത്ഥിക്കുന്നതിലൂടെ പലർക്കും പതിവായും ഫലപ്രദമായും പ്രാർത്ഥനാ ജീവിതങ്ങളെ രൂപപ്പെടുത്തുന്നതിനും വളർത്തുന്നതിനും അവ സഹായകം ആയിട്ടുണ്ട്. കാര്യങ്ങൾ അത്ര നന്നല്ലാത്ത കാലത്തിന്റെ പശ്ചാത്തലത്തിൽ പ്രത്യേകമായി സങ്കീർത്തനങ്ങളെ കാണുവാൻ ഈ ആഴ്ച നാം ശ്രമിക്കുന്നു.

*ഈ ആഴ്ചയിലെ പാഠം പഠിച്ച് ജനുവരി 13 ലെ ശബ്ബത്തിനായി ഒരുങ്ങുക

# പ്രാർത്ഥനയിൽ സങ്കീർത്തനങ്ങളുടെ ഉപയോഗം പരിപോഷിപ്പിക്കുക

**വായിക്കുക: സങ്കീർത്തനം 105:5; കൊലൊസ്യർ 3:16; യാക്കോബ് 5:13. വിശ്വാസിയുടെ പ്രാർത്ഥനാ അനുഭവത്തിൽ സങ്കീർത്തനങ്ങളുടെ സ്ഥാനം എന്താണ്?**

ദൈനംദിന ജീവിതത്തിൽ സങ്കീർത്തനങ്ങളുടെ വായനാശീലം ആവിഷ്കരിക്കുന്നതിനു ലളിതമായ ഒരു മാർഗ്ഗമുണ്ട്. ഓരോ സങ്കീർത്തനം വായിക്കുന്നതിന് ഓരോ ദിവസവും സമയം വേർതിരിക്കുക. ആദ്യദിവസം സങ്കീർത്തനം 1 വായിച്ചുതുടങ്ങുക; സങ്കീർത്തന പുസ്തകത്തിലെ ക്രമം അനുസരിച്ച് ഓരോ ദിവസവും വായിക്കുക. നിങ്ങളുടെ ജീവിത സാഹചര്യങ്ങൾ/അനുഭവങ്ങൾക്ക് ഒത്ത സങ്കീർത്തനം അതാതുദിവസം വായിക്കുന്നതാണ് മറ്റൊരു രീതി. വിലാപ സങ്കീർത്തനങ്ങളുണ്ട്, സമൂഹവിലാപ സങ്കീർത്തനങ്ങളുണ്ട്, സ്തോത്രാർപ്പണം, ഗീതങ്ങൾ, പ്രായശ്ചിത്തം, ജ്ഞാനം (ദൈവത്തിന്റെ ജ്ഞാനവും നടത്തിപ്പും അന്വേഷിക്കുന്നതരം), ചരിത്രപരമായവ, കോപവും രോഷവും കലർന്നവ, തീർത്ഥാടനപരമായവ എന്നിങ്ങനെയും സങ്കീർത്തനങ്ങൾ ഉണ്ട്. ഈ ക്വാർട്ടറിൽ ഇത്തരം സങ്കീർത്തനങ്ങള പരിശോധിക്കുകയും അവ കാണപ്പെടുന്ന പശ്ചാത്തലത്തിൽ അവയെ നാം പഠിക്കുകയും ചെയ്യും.

**അപ്പോൾ, എങ്ങനെയാണു നാം സങ്കീർത്തനങ്ങളെ പഠിക്കേണ്ടത്?**

ആദ്യം സങ്കീർത്തനം വായിക്കുക, ലളിതമായി ചിന്തിക്കുക, തുടർന്നു പ്രാർത്ഥിക്കുക. ധ്യാനിച്ചുകൊണ്ടു/തുടരെ ചിന്തിച്ചുകൊണ്ട്, സങ്കീർത്തനത്തിലെ വിവിധ വസ്തുതകളെ മനസ്സിൽ ഓർത്തെടുക്കുക: ദൈവത്തെ സങ്കീർത്തനക്കാരൻ എങ്ങനെ അഭിമുഖീകരിക്കുന്നു എന്നും ആ പ്രാർത്ഥനയുടെ കാരണങ്ങൾ എന്തൊക്കെ എന്നും മനസ്സിലാക്കാൻ ശ്രമിക്കുക. നിങ്ങളുടെ സാഹചര്യങ്ങൾ സങ്കീർത്തനക്കാരന്റേതിനോട് എങ്ങനെ യോജിച്ചുവരുന്നു എന്നു വിലയിരുത്തുക. സങ്കീർത്തനം എങ്ങനെ നിങ്ങളുടെ അനുഭവങ്ങളെ പ്രസരിപ്പിക്കുവാൻ സഹായിക്കുമെന്നു കണക്കാക്കുക. നിങ്ങൾ അവിടെ വായിക്കുന്നതിനെ യുക്തിയോടെ ബന്ധിപ്പിക്കുന്നതിനു നിങ്ങൾക്കു കഴിയുന്നതിൽ നിങ്ങൾ പലപ്പോഴും അതിശയിക്കും.

സങ്കീർത്തനത്തിൽ ഏതെങ്കിലും കാര്യം നിങ്ങളെ വെല്ലുവിളിക്കുന്നെങ്കിൽ അതിനെ കുറിച്ചു ചിന്തിക്കുക. ഉദാഹരണത്തിന്, നിങ്ങൾ നേരിടുന്ന ഏതെങ്കിലും കാര്യത്തിൽ നിങ്ങൾ പുലർത്തുന്ന തെറ്റായ ഒരു പ്രത്യാശയെ സങ്കീർത്തനം തിരുത്തുന്നെങ്കിൽ നിങ്ങൾ ചിന്തിക്കണം. ക്രിസ്തുവിന്റെ വ്യക്തിത്വത്തെയും രക്ഷണ്യ പ്രവർത്തനത്തിന്റെയും ക്രിസ്തു വാഗ്ദാനം ചെയ്യുന്ന ദീർഘകാല പ്രത്യാശയുടെയും വെളിച്ചത്തിൽ സങ്കീർത്തനത്തിന്റെ സന്ദേശത്തിന്മേൽ നിരന്തരം ധ്യാനിക്കുക. നമ്മൾ അറിയുന്നതുപോലെ, ബൈബിളിലെ ഏതു കാര്യത്തെയും ക്രിസ്തുവിന്റെയും ക്രൂശിന്റെയും വെളിച്ചത്തിൽ കാണുവാൻ ഇത് എല്ലായ്പോഴും നമ്മെ സഹായിക്കുന്നു.

പ്രാർത്ഥനയ്ക്കു സങ്കീർത്തനം നൽകുന്ന പുതിയ ഉദ്ദേശ്യങ്ങളെയും കണ്ടെത്തുക; നിങ്ങൾക്കും സഭയ്ക്കും ലോകത്തിനും അവയുടെ പ്രാധാന്യത്തെ കുറിച്ചു ചിന്തിക്കുക. ദൈവത്തിന്റെ വചനത്തെ നിങ്ങളുടെ മനസ്സിലും ഹൃദയത്തിലും നിക്ഷേപിക്കുന്നതിനു ദൈവത്തോടു പ്രാർത്ഥിക്കുക. പ്രസ്തുത സങ്കീർത്തനം മറ്റൊരാളുടെ ജീവിതാനുഭവങ്ങളുമായി യോജിക്കുന്നു എന്നു തോന്നുന്നെങ്കിൽ ആ വ്യക്തിക്കുവേണ്ടിയും നിങ്ങൾ പ്രാർത്ഥിക്കുക. മനസ്സിലാക്കേണ്ട കാര്യം ഇതാണ്: സങ്കീർത്തനങ്ങൾ നമ്മുടെ ജീവിതങ്ങളിലെ അനേകം പ്രസക്ത കാര്യങ്ങളെ പരാമർശിക്കുന്നുണ്ട്; അവ നമ്മോടു പറയുന്ന കാര്യങ്ങളെകൊണ്ട്, സങ്കീർത്തന വായനയിലൂടെയും അവയെ ഉൾക്കൊള്ളുന്നതിലൂടെയും നമുക്കു നമ്മെ പരിപോഷിപ്പിക്കാൻ കഴിയും.

**"ക്രിസ്തുവിന്റെ വചനം ഐശ്വര്യമായി സകല ജ്ഞാനത്തോടുംകൂടെ നിങ്ങളിൽ വസിക്കട്ടെ" (കൊലൊ. 3:16). ആ അനുഭവത്തിനു ബൈബിൾ വായനയുടെ പ്രാധാന്യം എന്താണ്?**

## കഷ്ടകാലങ്ങളിലെ ആശ്രയത്വം

കടുത്ത നിരാശയുടെയും കഷ്ടാനുഭവങ്ങളുടെയും കാലം എല്ലാ ക്രിസ്ത്യാനികൾക്കും അറിയാം; അനുഭവിച്ചിട്ടുണ്ടാകും. ദൈവം എന്തുചെയ്യുന്നു എന്നു പലപ്പോഴും അതിശയിച്ചിട്ടുമുണ്ടാകാം. അല്ലെങ്കിൽ ദൈവം എന്തുകൊണ്ടാണ് ഇതൊക്കെ അനുവദിക്കുന്നത് എന്നും ചിന്തിച്ചിരിക്കും. അത്തരം അനുഭവങ്ങളിലൂടെ സങ്കീർത്തന കർത്താക്കളും കടന്നുപോയിട്ടുണ്ട്. ദിവ്യാത്മാവിന്റെ പ്രേരണയാൽ അവർ തങ്ങളുടെ അനുഭവങ്ങളെ രേഖപ്പെടുത്തുകയും ചെയ്തു.

**സങ്കീർത്തനം 44 വായിക്കുക. ഇത് എന്താണ് നമ്മോടു പറയുന്നത്? എല്ലാ കാലത്തെയും വിശ്വാസികൾക്ക് എന്തുകൊണ്ട് ഇതു പ്രസക്തം ആയിരിക്കുന്നു?**

സഭാ ആരാധനകളിൽ പ്രത്യേക സങ്കീർത്തനങ്ങൾ തിരഞ്ഞെടുക്കുന്നത്, നാം സമൂഹ ആരാധനയിൽ സ്വീകരിക്കുന്ന പ്രത്യേക മനോഭാവത്തെയും വാക്കുകളെയും ഒക്കെ പലപ്പോഴും പ്രകടമാക്കുന്നുണ്ട്. അത്തരം പരിധി നിയന്ത്രണം, നമുക്കു ജീവിതത്തിന്റെ കറുത്ത യാഥാർത്ഥ്യങ്ങളോടു പൊരുത്തപ്പെടാനുള്ള നമ്മുടെ കഴിവില്ലായ്മയെയോ അസ്വസ്ഥതയെയോ ആണ് അടയാളപ്പെടുത്തുന്നത്. ദൈവം നമ്മോട് അന്യായമായി കഷ്ടകാലങ്ങളിൽ ഇടപെട്ടു എന്ന് നമുക്കു തോന്നിയാലും, പരസ്യാരാധനകളിലും സ്വകാര്യ പ്രാർത്ഥനകളിൽ പോലും അവയെ പ്രകടിപ്പിക്കുന്നത് ഉചിതമാണെന്നു നാം കരുതുന്നില്ല.

ഇങ്ങനെയുള്ള നമ്മുടെ വൈമനസ്യം ആരാധനയുടെ യഥാർത്ഥ ഉദ്ദേശ്യം നമുക്കു നഷ്ടമാക്കിയേക്കാം. കാഴ്ചപ്പാടുകളെയും നമ്മുടെ അനുഭവങ്ങളെയും ദൈവമുമ്പാകെ സത്യസന്ധമായും പരസ്യമായും വെളിപ്പെടുത്തുന്നതിലെ നമ്മുടെ പരാജയം മൂലം നമ്മുടെ ചിന്തകൾക്കു നമ്മെ നാം തടവുകാരായി വിടുകയാണ്. ദൈവത്തെ സമീപിക്കുന്നതിൽ നമുക്കുണ്ടാകേണ്ട ആത്മവിശ്വാസത്തെയും ആശ്രയത്വത്തെയും അതു നിഷേധിക്കുന്നു. സങ്കീർത്തനങ്ങൾ പ്രാർത്ഥന ആക്കുന്നതിൽ നമുക്ക് ഒരു ഉറപ്പുണ്ട്. അതായത്, നാം പ്രാർത്ഥിക്കുകയും ആരാധിക്കുകയും ചെയ്യുമ്പോൾ നമ്മുടെ അനുഭവങ്ങളെ വിട്ടുകളയുകയോ നിഷേധിക്കുകയോ ചെയ്യുവാൻ ആവശ്യമില്ല.

സങ്കീർത്തനം 44 നല്ല ഒരു ദൃഷ്ടാന്തമാണ്. ആരാധകർക്ക് അവരുടെ കാരണമില്ലാത്ത കഷ്ടാനുഭവങ്ങളെ സ്വതന്ത്രമായും കൃത്യതയോടും സജീവമായി പ്രകടിപ്പിക്കുവാൻ ഈ സങ്കീർത്തനം സഹായിക്കും. സങ്കീർത്തനങ്ങൾ പ്രാർത്ഥന ആക്കുമ്പോൾ അവരുടെ സംസാര സ്വാതന്ത്ര്യം അവർക്ക് അനുഭവപ്പെടും. നമുക്കു കണ്ടെത്താൻ കഴിയാതിരുന്നതും ധൈര്യപ്പെടാതിരുന്നതുമായ വാക്കുകൾ സങ്കീർത്തനം നമുക്കു തരും; “നീ ഞങ്ങളെ കുറുക്കന്മാരുടെ സ്ഥലത്തുവെച്ച് തകർത്തുകളവാനും കൂരിരുട്ടുകൊണ്ടു ഞങ്ങളെ മൂടുവാനും തക്കവണ്ണം ഞങ്ങളുടെ ഹൃദയം പിന്തിരിയുകയോ ഞങ്ങളുടെ കാലടികൾ നിന്റെ വഴി വിട്ടുമാറുകയോ ചെയ്തിട്ടില്ല” (സങ്കീ. 44:18,19).

എന്തായാലും സങ്കീർത്തനം 44 എങ്ങനെ തുടങ്ങുന്നു എന്നു ശ്രദ്ധിക്കുക. ദൈവം പൂർവ്വകാലങ്ങളിൽ ദൈവജനത്തിനുവേണ്ടി എങ്ങനെ വൻകാര്യങ്ങളെ പ്രവർത്തിച്ചിരുന്നു എന്നു സങ്കീർത്തന കർത്താവ് പറയുന്നു. “എന്റെ വില്ലിൽ” അല്ല, എന്നതിൽ സങ്കീർത്തനക്കാരൻ ദൈവത്തിലെ തന്റെ ആശ്രയമാണു വെളിപ്പെടുത്തുന്നത് (സങ്കീ. 44:6).

ഇങ്ങനെയൊക്കെ ആണെങ്കിലും കുഴപ്പങ്ങൾ ഇനിയും ദൈവജനത്തിന് അനുഭവപ്പെടുന്നുണ്ട്. നിലവിളിയും വിലാപവും വേദനകളായി നീണ്ടുപോകുന്നു. എന്നാലും ഇതിന്റെയെല്ലാം നടുവിലും സങ്കീർത്തനക്കാരൻ വിടുതലിനായി ദൈവത്തോടു നിലവിളിക്കുന്നു: “നിന്റെ ദയ നിമിത്തം ഞങ്ങളെ വീണ്ടെടുക്കേണമേ” (സങ്കീ. 44:26). അതായത്, കഷ്ടങ്ങളുടെ നടുവിലും ദൈവത്തിന്റെ യാഥാർത്ഥ്യത്തെയും സ്നേഹത്തെയും സങ്കീർത്തനക്കാരൻ അറിയുന്നു.

**ദൈവത്തിന്റെ സാന്നിധ്യം യഥാർത്ഥമായി അനുഭവപ്പെട്ടിരുന്ന മുൻകാലങ്ങളുടെ ഓർമ്മ, ദൈവം അകലെയാണെന്ന ചിന്ത മാറ്റാൻ എങ്ങനെ സഹായിക്കും?**

# നൈരാശ്യത്തിന്റെ ഒരു സങ്കീർത്തനം

സങ്കീർത്തനങ്ങളെ പ്രാർത്ഥന ആക്കുന്നത് ആരാധകർക്ക് അവരുടെ പ്രാർത്ഥനകളെ അനായാസമായി ശക്തിപ്പെടുത്തുന്നതിനെക്കാൾ അധികം ഗുണം ചെയ്യും. അവ അവരുടെ അനുഭവങ്ങളെ ദൈവത്തിന്റെ മാനദണ്ഡങ്ങൾക്ക് അനുസൃതം ആണെന്ന് ഉറപ്പുവരുത്തുന്നു. ദൈവസാന്നിധ്യത്തിന്റെ ഉറപ്പു വരുത്തിയും പ്രത്യാശ ഉളവാക്കിയും കൊണ്ട് അതിനെ വഹിക്കാവതാക്കുകയും ചെയ്യുന്നു.

**സങ്കീർത്തനം 22 വായിക്കുക. വലിയ കഷ്ടാനുഭവങ്ങളുടെ നടുവിൽ ദൈവത്തിൽ ആശ്രയിക്കുന്നതു സംബന്ധിച്ച് ഇതിൽനിന്നു നാം എന്തു മനസ്സിലാക്കുന്നു?**

സങ്കീർത്തനത്തിലെ വിലാപവാക്കുകൾ (22:1), കഠിനദുഃഖം അനുഭവിക്കുന്നവർക്ക് അവരുടെ അതിവേദനയും ഏകാന്തതയും പ്രകടിപ്പിക്കുവാൻ സഹായിക്കുന്നു: “എന്റെ ദൈവമേ, എന്റെ ദൈവമേ... എന്നെ കൈവിട്ടതെന്ത്? എന്നെ രക്ഷിക്കാതെയും എന്റെ ഞരക്കത്തിന്റെ വാക്കുകൾ കേൾക്കാതെയും അകന്നു നിൽക്കുന്നതെന്ത്?”

ഈ വാക്കുകൾ തീർച്ചയായും ക്രിസ്ത്യാനികളുടെ ഇടയിൽ വളരെ അറിയുന്നതാണ്. ക്രൂശിൽ ആയിരിക്കുമ്പോൾ യേശുതന്നെ നിലവിളിച്ചത് ഇതേ വാക്കുകളാണ്. സ്വന്തം അനുഭവങ്ങൾക്കു സങ്കീർത്തനങ്ങൾ എത്രയേറെ ബാധകമായിരുന്നു എന്ന് ഇവിടെ കാണപ്പെടുന്നു (മത്താ. 27:46 കാണുക).

എന്നാലും അതിവേദനയുടെ നടുവിലും ശോധനയിലും ഈ വാക്കുകൾ കൂടി ഉച്ചരിക്കപ്പെട്ടു: “ഞാൻ നിന്റെ നാമത്തെ എന്റെ സഹോദരന്മാരോടു കീർത്തിക്കും; സഭാ മദ്ധ്യേ ഞാൻ അങ്ങയെ സ്തുതിക്കും” (സങ്കീ. 22:22).

വേറൊരുവിധത്തിൽ പറഞ്ഞാൽ, സങ്കീർത്തനക്കാരന്റെ ഇപ്പോഴത്തെ തിക്താനുഭവം സങ്കീർത്തനത്തിലെ വാക്കുകൾക്കൊപ്പം തീവ്രം അല്ലെങ്കിലും താൻ ദൈവത്തിൽ ഇനിയും വിശ്വസിക്കുന്നു എന്നു വെളിപ്പെടുത്തുകയാണ്. എന്തുതന്നെ വന്നാലും താൻ ദൈവത്തെ ഇനിയും സ്തുതിക്കുമെന്നു പ്രഖ്യാപിക്കുകയാണ് ഈ വാക്കുകളിലൂടെ.

ഇപ്പോഴത്തെ നമ്മുടെ സാഹചര്യങ്ങൾക്ക് അപ്പുറത്തേക്കു നോക്കുവാൻ സങ്കീർത്തനങ്ങൾ പഠിപ്പിക്കുന്നു. ദൈവത്തിന്റെ കൃപയാൽ നമ്മുടെ ജീവൻ പുനഃസ്ഥാപിക്കപ്പെടുന്ന സമയത്തിലേക്കു വിശ്വാസത്താൽ നോക്കിക്കൊണ്ടിരിക്കുവാൻ അവ നമ്മെ പ്രേരിപ്പിക്കുന്നു.

സങ്കീർത്തനങ്ങൾ പ്രാർത്ഥിക്കുന്നത് അങ്ങനെ ആരാധകരെ പുതിയ ആത്മീക ചക്രവാളങ്ങളിലേക്ക് എത്തിക്കുന്നു. ആരാധകരുടെ അനുഭവങ്ങളും അറിവുകളും പ്രകടിപ്പിക്കുവാൻ അനുവദിക്കുമ്പോഴും അവ ആരാധകരെ അവരുടെ ഇപ്പോഴത്തെ സ്ഥാനത്തു വിട്ടുകളയുന്നില്ല. വേദനയുടെ ചുമടുകളെ എറിഞ്ഞുകളയുവാൻ, നിരാശകളെയും കോപത്തെയും മാനസ്സിക തകർച്ചകളെയും വിട്ടുകളഞ്ഞ്, തങ്ങളുടെ സാഹചര്യങ്ങൾ എന്തുതന്നെ ആയിരുന്നാലും ദൈവത്തിൽ ആശ്രയിക്കുവാൻ, വിശ്വാസികൾ നയിക്കപ്പെടുന്നു.

വിലാപങ്ങൾ സ്തുതികളായി പരിണമിക്കുന്നു. പല സങ്കീർത്തനങ്ങളിലെയും ഈ മാറ്റം ഒരു ആത്മീക രൂപാന്തരത്തെയാണു നിർദ്ദേശിക്കുന്നത്. പ്രാർത്ഥനയിൽ ദൈവകൃപയും ആശ്വാസവും ലഭിക്കുമ്പോഴാണ് ഈ മാറ്റം സംഭവിക്കുന്നത്.

**ഇപ്പോഴത്തെ കഠിന അനുഭവങ്ങൾക്ക് അപ്പുറത്തേക്കു നോക്കുവാനും നമുക്ക് എങ്ങനെ സാധ്യമാകും? ദൈവത്തിന്റെ നന്മയിൽ ആശ്രയിക്കുവാനും എങ്ങനെ കഴിയും?**

# നൈരാശ്യത്തിൽനിന്നു പ്രത്യാശയിലേക്ക്

**ദൈവത്തിന്റെ സാന്നിധ്യം വളരെ അകലെയാണെന്നു തോന്നിയ സന്ദർഭങ്ങൾ നമ്മൾ എല്ലാവരും നേരിട്ടിട്ടുണ്ടാകും. ഇതെങ്ങനെ സംഭവിക്കാൻ ഇടയായി എന്നു ചിന്തിക്കാത്ത ആരുണ്ടാകും?**

സങ്കീർത്തനക്കാരും ശേഷം മനുഷ്യരായ നമ്മെപ്പോലെ, നിശ്ചയമായും അത്തരം കാര്യങ്ങൾ നേരിട്ടിരുന്നു. നമ്മുടെ പാപങ്ങൾ, അതെ, നമ്മുടെ ജീവിതങ്ങളിൽ പരിശോധനകൾ കൊണ്ടുവന്നിട്ടുണ്ട്; മറ്റു സന്ദർഭങ്ങളിൽ അവ അന്യായമെന്നു തോന്നിയിരുന്നു; എങ്കിലും നമ്മൾ നേരിടുന്ന പ്രതികൂലങ്ങൾ നാം അർഹിക്കുന്നില്ല എന്നു നാം കരുതുന്നു. വീണ്ടും, ആരാണ് അവിടെ ഇല്ലാതിരുന്നത്?

**സങ്കീർത്തനം 13 വായിക്കുക. ഏതു രണ്ടു പ്രധാന മനോഭാവങ്ങളെ ഇവിടെ നാം തിരിച്ചറിയുന്നു? സങ്കീർത്തനക്കാരന്റെ പൊതുവായ കാഴ്ചപ്പാടിൽ ഏതു തീരുമാനമാണ് മൗലികമായ മാറ്റം ഉളവാക്കിയത്?**

"യഹോവേ എത്രത്തോളം നീ എന്നെ മറന്നുകൊണ്ടിരിക്കും? നീ എത്രത്തോളം നിന്റെ മുഖത്തെ ഞാൻ കാണാതവണ്ണം മറയ്ക്കും?" (സങ്കീ. 13:1). ഈ ആശയങ്ങൾ തെറ്റാണെന്നു പറയാൻ ആർക്കാണു കഴിയാത്തത്? (ദൈവം എപ്പോഴെങ്കിലും നമ്മിൽ ആരെയെങ്കിലും മറക്കുന്നുണ്ടോ?)

മറ്റൊരു സാധാരണ പിശക് അപ്പോൾ സങ്കീർത്തനം 13 നമുക്കു കാട്ടിത്തരികയാണ്. പ്രാർത്ഥിക്കയിൽ നാം നമ്മിൽ തന്നെയും നമ്മുടെ പ്രശ്നങ്ങളിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു എന്നതാണ് ആ പിശക്. ഈ സങ്കീർത്തനം നമ്മുടെ പ്രാർത്ഥനയിൽ മാറ്റം വരുത്തുന്നു. ദൈവം തന്റെ ജനത്തോട് ഇടപെടുന്നതിൽ എന്നും വിശ്വസ്തനും ദൈവസ്വഭാവം മാറ്റം ഇല്ലാത്തതും ആണെന്നു ചിന്തിക്കുന്നതിലേക്ക് ഈ സങ്കീർത്തനം നമ്മെ നയിക്കുന്നു.

നിശ്ചയമായും, സങ്കീർത്തനം വിലാപത്തിലും പരാതിയിലുമാണു തുടങ്ങുന്നതെങ്കിലും അങ്ങനെ അവസാനിക്കുന്നില്ല. അതാണ് ഏറ്റവും നിർണ്ണായകമായ വസ്തുത.

ദൈവത്തിന്റെ വീണ്ടെടുപ്പിൻ ശക്തിയിൽ വിശ്വസിക്കുക എന്നതിനെ ബോധപൂർവ്വം കർശനമായി തിരഞ്ഞെടുക്കുന്നതിലേക്കു സങ്കീർത്തനം 13 നമ്മെ നയിക്കുന്നു (വാ. 5). അങ്ങനെ നമ്മുടെ ഭയവും ആശങ്കയും മാറി (13:1–4) സാവധാനം നാം ദൈവത്തിന്റെ രക്ഷയിലേക്ക് എത്തുന്നു. തുടർന്നു, വിലാപത്തിൽനിന്ന് നമ്മൾ സ്തുതിയിലേക്കും, നിരാശയിൽനിന്ന് പ്രത്യാശയിലേക്കും നാം മാറിവരുന്നു (13:5,6).

എന്നാലും, സങ്കീർത്തന വചനത്തെ അവയുടെ അർത്ഥം ഗ്രഹിക്കാതെ, വെറുതെ ഉരുവിടുന്നതുകൊണ്ടുമാത്രം, ഉദ്ദേശിക്കപ്പെടുന്ന ആധികാരിക മാറ്റം ഉളവാകുകയില്ല. സങ്കീർത്തനങ്ങളെ പ്രാർത്ഥിക്കുമ്പോൾ, അത് ആവശ്യപ്പെടുന്നവിധം പ്രവർത്തിക്കുന്നതിനു നാം പരിശുദ്ധാത്മാവിന്റെ സഹായം തേടേണ്ടതുണ്ട്. വിശ്വാസികളുടെ സ്വഭാവങ്ങളിലും ക്രിയകളിലും മാറ്റം വരുത്തുവാൻ (അറിവു മാത്രമല്ല) പര്യാപ്തമായ ദൈവവചനങ്ങളാണ് സങ്കീർത്തനങ്ങൾ. ദൈവകൃപയാൽ, സങ്കീർത്തന വാഗ്ദാനങ്ങൾ വിശ്വാസികളുടെ ജീവിതങ്ങളിൽ പ്രകടമായിത്തീരുന്നു. ദൈവ ഇഷ്ട പ്രകാരം നമ്മെ മാറ്റുന്നതിനും ക്രിസ്തുവുമായി ഒന്നാകുന്നതിനും നാം ദൈവവചനത്തെ അനുവദിക്കണം. ക്രിസ്തുവാണ് ദൈവയിഷ്ടം നമുക്കു പരിപൂർണ്ണമായി കാട്ടിത്തന്നത്. ജഡത്തിൽ അവതരിച്ച ദൈവപുത്രൻ സങ്കീർത്തനങ്ങളെ പ്രാർത്ഥിച്ചിരുന്നു.

**നിങ്ങളുടെ പരിശോധനകൾ എപ്രകാരം നിങ്ങളെ ദൈവത്തോട് അടുപ്പിക്കുന്നു? അശ്രദ്ധ എങ്ങനെ നിങ്ങളെ ദൈവത്തിൽനിന്ന് അകറ്റിക്കളയും?**

## ഓ! ഞങ്ങളെ വീണ്ടും യഥാസ്ഥാനപ്പെടുത്തേണമേ

**സങ്കീർത്തനം 60:1–5 വായിക്കുക. ഏതു സന്ദർഭത്തിന് ഈ സങ്കീർത്തനഭാഗം അനുയോജ്യമായ പ്രാർത്ഥന ആയിത്തീരും? ജീവിതത്തിന്റെ ആനന്ദകാലങ്ങളിലും വിലാപ സങ്കീർത്തനങ്ങളെ നമുക്ക് എങ്ങനെ പ്രയോജനപ്പെടുത്താം?**

വിലാപ സങ്കീർത്തനങ്ങൾ മനുഷ്യരുടെ പ്രാർത്ഥനകളായാണ് പൊതുവേ മനസ്സിലാക്കുന്നത്. അവർ ശാരീരികമോ മാനസികമോ ആത്മീകമോ അല്ലെങ്കിൽ ഇവ എല്ലാമുള്ള അവസ്ഥയിൽ കഴിയുന്നവർ ആയിരിക്കാം.

എന്നിരുന്നാലും, നല്ല സമയങ്ങളിൽപോലും നമ്മൾ ഈ സങ്കീർത്തനങ്ങളെ ഒഴിവാക്കണമെന്ന് ഇത് അർത്ഥമാക്കുന്നില്ല. സങ്കീർത്തന വചനങ്ങളും ആരാധകന്റെ ഇപ്പോഴത്തെ അവസ്ഥയും തമ്മിൽ ചിലപ്പോൾ പൂർണ്ണമായ വ്യത്യാസം ഉണ്ടെന്നു വരാം. അതായത്, വിലാപ സങ്കീർത്തനങ്ങൾ വലിയ വിഷമത്തിൽ അല്ലാത്ത വിശ്വാസികൾക്കും പ്രയോജനം ചെയ്യും.

ഒന്നാമത്, കാഴ്ചപ്പാടുകൾ പൊതുവായ മാനുഷിക അനുഭവങ്ങളുടെ ഭാഗമാണ്; അവ നീതിമാന്മാർക്കും ദുഷ്ടന്മാർക്കും സംഭവിക്കുന്നു. ദൈവം കാര്യങ്ങളെ നിയന്ത്രിച്ചുകൊണ്ടു കഷ്ടകാലങ്ങളിൽ കരുത്തും പരിഹാരങ്ങളും നൽകുന്നു. സങ്കീർത്തനം 60 ൽ ആയാലും കുഴപ്പങ്ങളുടെ മധ്യേയും (നീ ദേശത്തെ നടുക്കി ഭിന്നിപ്പിച്ചിരിക്കുന്നു സങ്കീ. 60:2). സങ്കീർത്തനക്കാരൻ ദൈവത്തിലുള്ള തന്റെ വിടുതലിന്റെ ആത്യന്തിക പ്രത്യാശയെ പ്രദർശിപ്പിക്കുന്നു.

രണ്ടാമത്, വിലാപസങ്കീർത്തനങ്ങൾ കഷ്ടം അനുഭവിക്കുന്നവരോട് സഹതാപം കാണിക്കുവാൻ നമ്മെ പഠിപ്പിക്കുന്നു. ദൈവത്തോടുള്ള നമ്മുടെ സന്തോഷവും നന്ദിയും പ്രകടിപ്പിക്കുമ്പോൾ, പ്രത്യേകിച്ചു പൊതു ഇടങ്ങളിൽ, നിർഭാഗ്യർ ആയവരെ നാം ഓർമ്മിക്കണം. നിശ്ചയമായും നമുക്കിപ്പോൾ കാര്യങ്ങൾ നല്ലതായിരിക്കാം. എന്നാൽ നമ്മുടെ ചുറ്റും ആളുകൾ കഠിന കഷ്ടം അനുഭവിക്കുന്നുണ്ട് എന്ന് അറിയാത്ത ആരുണ്ട്? കടുത്ത കാലങ്ങളിലൂടെ കടന്നുപോകുന്നവരെ മറക്കാതിരിക്കാൻ അത്തരം സങ്കീർത്തനങ്ങളുടെ പ്രാർത്ഥന നമ്മെ സഹായിക്കുന്നു. യേശു ചെയ്തതുപോലെ കഷ്ടപ്പെടുന്നവർക്കു ശുശ്രൂഷ ചെയ്യുവാനുള്ള ഒരു സഹതാപവും ആഗ്രഹവും നമ്മിൽ ഉണർത്തുവാൻ സങ്കീർത്തനങ്ങൾ സഹായിക്കും.

“ഈ ഭൂമി ആകെ ഒരു ലാസർ ഭവനമാണ്. ക്രിസ്തു ആകട്ടെ രോഗികളെ സൗഖ്യമാക്കുവാനും സാത്താന്റെ തടവിൽ ആയിരിക്കുന്നവർക്കു വിടുതൽ പ്രഖ്യാപിക്കുവാനും ആണ് വന്നത്. യേശു തന്നിൽ തന്നെ ആരോഗ്യവും ശക്തിയും ആയിരുന്നു. യേശു തന്റെ ജീവൻ രോഗികൾക്കും പീഡബാധിതർക്കും പിശാചു ബാധിച്ചവർക്കും പകർന്നു നൽകി. തന്റെ സൗഖ്യശക്തി തേടി വന്നവരെ യേശു ഒരിക്കും തള്ളിക്കളഞ്ഞില്ല. സഹായത്തിന് അപേക്ഷിച്ചവർ സ്വയം രോഗങ്ങൾ വരുത്തിവെച്ചതാണെന്നു യേശുവിന് അറിയാമായിരുന്നു. യേശു അവരെ പക്ഷേ സൗഖ്യമാക്കാതിരുന്നില്ല. ക്രിസ്തുവിൽനിന്ന് നന്മയുടെ ശക്തി അവരിൽ പ്രവേശിച്ചപ്പോൾ എന്തായാലും പലർക്കും പാപബോധം ഉണ്ടായി, ശാരീരിക സൗഖ്യത്തോടൊപ്പം പലർക്കും ആത്മിക സൗഖ്യവും ഉളവായി. സുവിശേഷത്തിന് അന്നത്തെ ശക്തി ഇന്നുമുണ്ട്. എന്നാൽ എന്തുകൊണ്ട് അന്നത്തെ ആ ഗുണഫലം ഇന്നു നാം കാണുന്നില്ല?” E.G. White, Welfare Ministry, pp. 24,25.

**നിങ്ങളുടെ പ്രാർത്ഥന മാത്രമല്ല, ശുശ്രൂഷയുടെ കരസ്പർശം കൂടി ആവശ്യമായിരിക്കുന്ന ആരെയെങ്കിലും നിങ്ങൾക്ക് അറിയാമോ?**

## കൂടുതൽ പഠനത്തിന്

വായിക്കുക: സങ്കീർത്തനം 42:8; Ellen G. White, "Poetry and songs", pp. 159-168 in Education. ഈ ആത്മപ്രേരിത എഴുത്തുകളിൽ പ്രാർത്ഥനയും ഗാനങ്ങളും എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?

എലൻ ജി. വൈറ്റ്, ദാവീദിന്റെ പശ്ചാത്താപ സങ്കീർത്തനങ്ങളെ (സങ്കീ. 51) ആത്മാവിന്റെ ഭാഷയായി വിവരിക്കുന്നു. അവന്റെ പ്രാർത്ഥനകൾ ആകട്ടെ പാപം സംബന്ധിച്ച ശരിയായ ദുഃഖത്തിന്റെ സ്വഭാവത്തെ വ്യക്തമാക്കുന്നു (Steps to Christ, 24,25). സങ്കീർത്തന വചനങ്ങളെ മനഃപാഠമാക്കുവാൻ അവ വിശ്വാസികളെ പ്രോത്സാഹിപ്പിക്കുന്നു. ദൈവത്തിന്റെ സാന്നിധ്യം അവരുടെ ജീവിതങ്ങളിൽ സംരക്ഷിക്കപ്പെടുന്നതിനുള്ള ഉപാധികളാണ് അവ. പരിശോധനകളും ശത്രുഭയവും അനുഭവപ്പെട്ടപ്പോൾ സങ്കീർത്തനങ്ങളിലൂടെ യേശു ശബ്ദമുയർത്തിയതിനെ അവർ ഉയർത്തിക്കാട്ടുന്നു. "വിശുദ്ധഗീതങ്ങളുടെ വാക്കുകളിലൂടെ എത്രയെത്ര തവണ ആത്മാവിൽ അനുതാപത്തിന്റെയും വിശ്വാസത്തിന്റെയും പ്രത്യാശയുടെയും സ്നേഹത്തിന്റെയും ആനന്ദത്തിന്റെയും ഉറവുകളെ തുറക്കപ്പെട്ടതായും" അവർ പറയുന്നു... "പല പാട്ടുകളും നിശ്ചയമായും പ്രാർത്ഥനകളാണ്." Education, 162-168.

നമ്മൾ സങ്കീർത്തനങ്ങളെ പാടുകയും പ്രാർത്ഥിക്കുകയും ചെയ്യുമ്പോൾ, സങ്കീർത്തനക്കാരുടെ അതേ സ്ഥിരോത്സാഹവും ധൈര്യവും കരുത്തും പ്രത്യാശയും നമുക്കും അനുഭവപ്പെടുന്നു. നമ്മുടെ ആത്മീകയാത്ര തുടരുവാൻ അവ പ്രോത്സാഹിപ്പിക്കുന്നു. നാം തനിച്ചല്ലെന്ന് അവ ആശ്വസിപ്പിക്കുന്നു. മറ്റു മനുഷ്യരും ഇരുണ്ട കാലങ്ങളിലൂടെ കടന്നു ദൈവകൃപയാൽ വിജയിച്ചിട്ടുണ്ട്. നമുക്കുവേണ്ടി പ്രാർത്ഥിക്കുവാൻ എപ്പോഴും ജീവിക്കുന്നവനായ ക്രിസ്തുവിന്റെ തീഷ്ണമായ പക്ഷവാദത്തിന്റെ കിരണങ്ങളെ അവ നമുക്കു കാട്ടിത്തരുന്നു.

പ്രാർത്ഥനയിലും ആരാധനയിലും സങ്കീർത്തനങ്ങളെ ഉൾപ്പെടുത്തുമ്പോൾ വിശ്വാസ സമൂഹത്തിനു മനുഷ്യാനുഭവങ്ങളുടെ പൂർണ്ണത ബോധ്യമാകും. ആ അനുഭവങ്ങളെ ആരാധനയുടെ വിവിധ വശങ്ങളിൽ ഉൾപ്പെടുത്തുവാൻ അതു നമ്മെ പഠിപ്പിക്കുന്നു. സങ്കീർത്തനങ്ങൾ ദിവ്യ-മനുഷ്യ പ്രാർത്ഥനകളും ഗീതങ്ങളുമാണ്. അതേ കാരണത്താൽ ആരാധനയിൽ സങ്കീർത്തനങ്ങൾ ഉൾപ്പെടുത്തുന്നത് വിശ്വാസ സമൂഹത്തെ ദൈവയിഷ്ടത്തിന്റെയും ശക്തമായ സൗഖ്യദായക കൃപയുടെയും കേന്ദ്രത്തിൽ എത്തിക്കുന്നു.

### ചർച്ച:

1. **പരിശീലിക്കപ്പെടാത്ത സ്വാഭാവികരീതി മാത്രം പ്രാർത്ഥന അല്ലാതിരിക്കുന്നത് എന്തുകൊണ്ടാണ്?**
2. **ബൈബിൾ പ്രാർത്ഥനകളായ സങ്കീർത്തനങ്ങളെ നമ്മുടെ പ്രാർത്ഥനാ ജീവിതത്തിൽ എങ്ങനെ പ്രയോജനപ്പെടുത്താം?**
3. **സമൂഹ പ്രാർത്ഥനകളിൽ സങ്കീർത്തനങ്ങളെ എങ്ങനെ ഉപയോഗപ്പെടുത്താം?**
4. **വിശ്വാസ പ്രയാണത്തിന്റെ സങ്കീർണ്ണതകളെയും സൗഖ്യദായക ദൈവകൃപകളെയും സങ്കീർത്തനങ്ങൾ എങ്ങനെ വെളിപ്പെടുത്തുന്നു.**